# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## കടന്നപ്പള്ളി-പാണപ്പുഴ ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2021-2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കണ്ണൂർ
670001

ഇ-മെയിൽ: doknr.ksad@kerala.gov.in

ഫോൺ : 0497-2707698

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: നം.കെഎസ്എ/കെ എൻ ആർ/സി12 /118/2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കണ്ണൂർ
670001
തീയ്യതി: 22/03/2023
ഇ-മെയിൽ: doknr.ksad@kerala.gov.in
ഫോൺ: 0497-2707698

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
കടന്നപ്പള്ളി-പാണപ്പുഴ ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : കടന്നപ്പള്ളി-പാണപ്പുഴ ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കടന്നപ്പള്ളി-പാണപ്പുഴ ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കണ്ണൂർ.
3) കാര്യാലയ പകർപ്പ്.

നമ്പർ: നം.കെഎസ്എ/കെ എൻ ആർ/സി12 /118/2023 തീയ്യതി: 22/03/2023

## കണ്ണൂർ ജില്ലയിലെ കടന്നപ്പള്ളി-പാണപ്പുഴ ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കണ്ണൂർ ജില്ലയിലെ കടന്നപ്പള്ളി-പാണപ്പുഴ ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-06-2022 മുതൽ 04-01-2023 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, 01-04-2021 മുതൽ 31-03-2022 വരെ വിവിധ അക്കൗണ്ടുകളിൽ നിന്നും നടത്തിയിട്ടുള്ള പണം പിൻവലിക്കൽ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 31 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 30 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.രാജിലൻ എം.സി. | ഡെപ്യൂട്ടി ഡയറക്ടർ | 05-01-2023 | 13-01-2023 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 05-01-2023 | 13-01-2023 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീമതി.രമണി കിഴക്കീൽ, ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ.)
ശ്രീ.മനോജ്കുമാർ ടി ജോർജ്ജ്,അസിസ്റ്റൻറ് ഓഡിറ്റ് ഓഫീസർ,
ശ്രീമതി.സബിത,ഓഡിറ്റർ,
ശ്രീ.പ്രമോദ്.കെ, ഓഡിറ്റർ.

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി.ടി.സുലജ | പ്രസിഡന്റ് | 01-04-2021 | 31-03-2022 |
| ശ്രീ. രാജീവൻ.വി | സെക്രട്ടറി | 01-04-2021 | 31-03-2022 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.ജിതിൻ.വി.വി | കൃഷി ഓഫീസർ | 01-04-2021 | 31-03-2022 |
| ഡോ.ഒറിൻ | വെറ്റിനറി സർജൻ | 01-04-2021 | 31-03-2022 |
| ഡോ.റീന.എം | മെഡിക്കൽ ഓഫീസർ,ഹോമിയോ | 01-04-2021 | 28-04-2021 |
| ഡോ.ഷീബ പാപ്പച്ചൻ | മെഡിക്കൽ ഓഫീസർ,ഹോമിയോ | 29-04-2021 | 31-03-2022 |
| ശ്രീമതി പ്രഭാവതി പി | ഐ സി ഡി എസ് സൂപ്പർവൈസർ | 01-04-2021 | 14-11-2021 |
| ശ്രീമതി സ്മിത കെ | ഐ സി ഡി എസ് സൂപ്പർവൈസർ | 15-11-2021 | 31-03-2022 |
| ശ്രീ സന്ദൂപ് സി | വി ഇ ഓ പാണപ്പുഴ സർക്കിൾ | 01-04-2021 | 31-03-2022 |
| ശ്രീ സന്ദൂപ് സി | വി ഇ ഓ കടന്നപ്പള്ളി സർക്കിൾ(അധിക ചുമതല) | 01-04-2021 | 02-01-2022 |
| ശ്രീ ബ്രിങ്കിൾ പി വൈ | വി ഇ ഓ കടന്നപ്പള്ളി സർക്കിൾ | 03-01-2022 | 21-03-2022 |
| ശ്രീ സന്ദൂപ് സി | വി ഇ ഓ കടന്നപ്പള്ളി സർക്കിൾ(അധിക ചുമതല) | 22-03-2022 | 31-03-2022 |
| ശ്രീമതി അൽഫോൻസ ജോസഫ് | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 01-04-2021 | 25-05-2021 |
| ശ്രീ മനോജ് കുമാർ പി വി | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 26-05-2021 | 04-10-2021 |
| ശ്രീ സിനാജുദ്ദീൻ പി | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 05-10-2021 | 24-10-2021 |
| ശ്രീമതി സ്മിത മാരാർ | ഡയറി എക്സ്റ്റൻഷൻ | 25-10-2021 | 31-03-2022 |

| | | | |
|---|---|---|---|
| | ഓഫീസർ | | |
| ശ്രീ സതീശൻ പുളക്കട | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2021 | 31-03-2022 |
| ശ്രീ.ഉണ്ണിമാധവൻ ആർ | ഹെഡ് മാസ്റ്റർ | 01-04-2021 | 31-03-2022 |
| ശ്രീമതി ഷംന ഉണ്ണിക്കൃഷ്ണൻ | അസിസ്റ്റന്റ് എഞ്ചിനിയർ | 01-04-2021 | 31-03-2022 |
| ശ്രീ രാജേഷ് പി എ | ഫിഷറീസ് സബ് ഇൻസ് പെക്ടർ | 01-04-2021 | 31-03-2022 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യ പത്രിക | 1-2 |
| 3 | വാർഷിക ധനകാര്യ പത്രിക അപാകങ്ങൾ | 1-2-1 |
| 4 | സാമ്പത്തിക വിശകലനം(റസീറ്റ് & പേമെന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം) | 1-3 |
| 5 | ഫണ്ട് വിനിയോഗം | 1-4 |
| 6 | പദ്ധതി അവലോകനം | 1-5 |
| 7 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 8 | ക്ഷേമ പദ്ധതികൾ | 1-7 |
| 9 | ക്യാഷ് പരിശോധന | 1-8 |
| 10 | ആഭ്യന്തരനിയന്ത്രണം | 1-9 |
| 11 | ഗ്രാമ പഞ്ചായത്തിന്റെ പരിധിയിലുള്ള മുഴുവൻ സ്ഥാപനങ്ങളും എഫ് ടി ഇ & ഒ.എസ് ലൈസൻസ് എടുത്തിട്ടുണ്ടെന്ന് ഉറപ്പു വരുത്തേണ്ടതാണ്. | 1-10 |
| 12 | ഇ ടെണ്ടർ തുക കുടിശ്ശികയായി തുടരുന്നു | 1-11 |
| 13 | ഉപകരണങ്ങൾ ലഭ്യമായില്ല,സ്റ്റോക്കിൽ അപാകം ₹ 21650.48 തടസപ്പെടുത്തുന്നു. | 1-12 |
| 14 | തിരിച്ചു പിടിച്ച തുകകൾ ബന്ധപ്പെട്ട ഫണ്ടിൽ ഒടുക്കുന്നില്ല | 1-13 |
| 15 | കൃഷി ഭവൻ കെട്ടിടം പാർട്ടിഷൻ ഫർണ്ണിച്ചർ സൗകര്യങ്ങൾഏർപ്പെടുത്തൽ - മുഴുവൻ ഫർണ്ണിച്ചറും ലഭ്യമാക്കിയിട്ടില്ല – 7690/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു . | 1-14 |
| 16 | അപ്പാരൽ പാർക്ക് (വനിത.)-₹329625-യുടെ ചെലവ് തടസ്സപ്പെടുത്തുന്നു. | 1-15 |
| 17 | ഹരിത കർമ്മ സേനയ്ക്ക് സുരക്ഷാ-സഹായക ഉപകരണങ്ങൾ വാങ്ങി നൽകൽ- ₹205950-യുടെ ചെലവ് തടസ്സപ്പെടുത്തുന്നു. | 1-16 |
| 18 | ഭവന പുനരുദ്ധാരണം(പൊതു വിഭാഗം)-പദ്ധതി നിർവ്വഹണത്തിലെ അപാകങ്ങൾ | 1-17 |
| 19 | പാണപ്പുഴ ഇൻഡോർ സ്റ്റേഡിയത്തിന് സമീപം കുഴൽ കിണർ നിമ്മാണം - ഭൂജല വകുപ്പിൽ നിന്ന് തിരികെ കിട്ടിയ തുക ബന്ധപ്പെട്ട ഫണ്ടിലേക്ക് തിരികെ ഒടുക്കിയില്ല | 1-18 |
| 20 | തുക അഡ്വാൻസ് ആയി നൽകിയിട്ടും ലാപ് ടോപ് ലഭിച്ചില്ല. | 1-19 |
| 21 | ഫെസ്റ്റിവൽ അഡ്വാൻസ് തുക തിരികെ ഒടുക്കിയില്ല | 1-20 |
| 22 | വാക്സിൻ ചലഞ്ചിന്റെ ഭാഗമായി മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്ക് തുക ഒടുക്കിയതിന്റെ കൈപ്പറ്റ് രശീതി ഹാരാക്കിയില്ല | 1-21 |

| | | |
|---|---|---|
| 23 | ഐ.കെ .എം വിഹിതം നൽകൽ-വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല | 1-22 |
| 24 | വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല | 1-23 |
| 25 | മരുന്ന് ലഭിക്കുന്നതിൽ കാല താമസം. | 1-24 |
| 26 | സർക്കാർ അനുമതിയില്ലാതെ ആർജിതാവധി സറണ്ടർ അനുവദിച്ചു | 1-25 |
| ഭാഗം **2** | | |
| --- No Records Found --- | | |
| ഭാഗം **3** | | |
| --- No Records Found --- | | |
| ഭാഗം **4** | | |
| 1 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 4-1 |
| 2 | സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 3 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-4 |
| 5 | വായ്പ , വായ്പ തിരിച്ചടവ് | 4-5 |
| 6 | സ്ഥിരനിക്ഷേപങ്ങൾ | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് | 4-8 |
| 9 | ചാർജ്ജ് സർചാർജ്ജ് നടപടികളിലൂടെ ഈടാക്കിയ തുകയുടെ വിവരം | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകളുടെ വിവരങ്ങൾ | 4-11 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |
| 3 | റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് | |
| 4 | ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് | |
| 5 | ബാലൻസ് ഷീറ്റ് | |

# ഭാഗം -1
# പൊതു അവലോകനം

## 1-1 ബജറ്റ്

ഗ്രാമപഞ്ചായത്തിന്റെ 2021-22 സാമ്പത്തിക വർഷത്തെ ബജറ്റ് 6.02.2021 തീയതിയിലെ 12/21 നമ്പർ തീരുമാനപ്രകാരവും പുതുക്കിയ ബജറ്റ് 15.3.22 തീയതിയിലെ 25/22അംഗീകരിച്ചിട്ടുണ്ട്.

| | | |
|---|---|---|
| മുന്നിരിപ്പ് | 6777500 | 23995341 |
| വരവ് | 221351500 | 189845935 |
| ആകെ | 228129000 | 213841276 |
| ചെലവ് | 219241000 | 208722818 |
| നീക്കിയിരിപ്പ് | 8888000 | 5118458 |

## 1-2 വാർഷിക ധനകാര്യ പത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി |
|---|---|---|
| 31.07.2022 | 29.07.2022 | തിരിച്ചയച്ചിട്ടില്ല |

## 1-2-1 വാർഷിക ധനകാര്യ പത്രിക അപാകങ്ങൾ

2021-22 വർഷത്തെ വാർഷിക ധനകാര്യ പത്രികയിലെ അപാകങ്ങൾ താഴെ കൊടുക്കുന്നു.

1) ബി1 ഷെഡ്യൂളിലെ അപാകം സംബന്ധിച്ച് മുൻ വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിൽ പരാമർശിച്ചിരുന്നു. 2021-22ലും അപാകം തുടരുകയാണ്. 2020-21ൽ ഷെഡ്യൂളിലെ ആകെ തുക ₹ 59391665.01 ആയിരുന്നു. 2021-22ലെ ഇൻകം & എകസ്പെൻഡിച്ചറിൽ Gross Surplus/(deficit) Of Income Over Expenditure After Prior Period Itemsൽ ഉള്ള തുക ₹ 10441617 ആണ്. എന്നാൽ ഈ വർഷത്തെ ബി1 ഷെഡ്യൂളിൽ ഉള്ള ആകെ തുക ₹ 71707876 ആണ്. ഇത് സോഫ്റ്റ്വെയറുമായി ബന്ധപ്പെട്ട അപാകമാണെന്നും പരിഹരിക്കാൻ ഐ.കെ.എം.-നോട് അവശ്യപ്പെടുന്നതാണെന്നുമാണ് ഓഡിറ്റ് എൻക്വയറിക്കുള്ള മറുപടിയിൽ അറിയിച്ചത്.

2) സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് ഇനത്തിലുള്ള തുകകൾ വാർഷിക ധനകാര്യ പത്രിക, എ.സി.ആർ , പദ്ധതി ചെലവ് പത്രിക എന്നിവ തമ്മിൽ പൊരുത്തപ്പെടുന്നില്ല. പദ്ധതിചെലവ് പത്രിക ,എ.സി.ആർ എന്നിവ പ്രകാരം ആകെ ചെലവ് ₹ 9823131 രൂപയും (5550713+ 4272418) എന്നാൽ ഐ6 ഷെഡ്യൂൾ പ്രകാരം ₹ 9823081 രൂപയാണ്. (4272368+2977793+2572920) വ്യത്യാസത്തിന്റെ കാരണം വിശദീകരിക്കേണ്ടതാണ്.

3) 2021-22 വർഷത്തെ ഗ്രാന്റ് സ്റ്റേറ്റ്മെന്റ് ഓഡിറ്റിന് ലഭ്യമാക്കിയിട്ടുണ്ട്.എന്നാൽ കേന്ദ്ര സംസ്ഥാനാവിഷ്ക പദ്ധതി ചെലവുകൾ വാർഷിക ധനകാര്യ പത്രികയുമായി പൊരുത്തപ്പെടുന്നില്ല.

4) 2011ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങളിലെ ചട്ടം 62 (എഫ്) പ്രകാരമുള്ള അടിസ്ഥാന അനുപാതങ്ങൾ വാർഷിക ധനകാര്യപത്രികയോടൊപ്പം ഉൾപ്പെടുത്തിയിട്ടില്ല.

5) കേന്ദ്ര സംസ്ഥാനാവിഷ്കൃത പദ്ധതി സംബന്ധിച്ച് പഞ്ചായത്ത് എ.സി.ആർ സൂക്ഷിച്ചിട്ടില്ല.

6) ലാപ്സ്ഡ് ഡെപ്പോസിറ്റുകൾ പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽ കൂട്ടിയിട്ടില്ല.

7) "പാണപ്പുഴ ഇൻഡോർ സ്റ്റേഡിയത്തിന് സമീപം കുഴൽ കിണർ" എന്ന പദ്ധതിയുടെ നിർവഹണത്തിന്റെ ഭാഗമായി ₹ 50000 ഭൂജല വകുപ്പിൽ നിക്ഷേപിച്ചിരുന്നു. പ്രസ്തുത തുകയുടെ വിനിയോഗ സാക്ഷ്യ പത്രം ലഭിച്ചത് 2022-23ൽ ആണ്. എന്നാൽ ബി18 ഷെഡ്യൂളിൽ ഈ തുക ഉൾപ്പെടുത്തിയിട്ടില്ല.

8) എം.ജി.എൻ. ആർ.ജി.എസ് ഭരണ ചെലവുകൾക്ക് അഡ്വാൻസ് നൽകിയതിന് പ്രത്യേക രജിസ്റ്റർ സൂക്ഷിക്കുന്നുണ്ടെങ്കിലും ആയത് പൂർത്തീകരിച്ച് സാക്ഷ്യപ്പെടുത്തിയിട്ടില്ല.

9) I-14(A)ഷെഡ്യൂളിൽ 251110108 Medical Institution- Ayurveda Manufacturing Of Medicines എന്ന ഹെഡ്ഡിൽ ₹ 100000യുടെ ചെലവ് ഉൾപ്പെടുത്തിയിട്ടുണ്ട്. ഇത് ഹെഡ് മാറിയതാണ്. 251110109 Purchase Of Allopathy Medicine എന്ന

ഹെഡ്ഡിൽ വരേണ്ട തുകയായിരുന്നു.

10) ആർ.പി 16ൽ 250120303 Infrastucture Facilities – Installation Of Mobile Miliking Units Under Milk Societies എന്ന ഹെഡ്ഡിൽ ഉൾപ്പെടുത്തിയ ₹ 1781046 ഹെഡ്ഡ് മാറി ചേർത്തതാണ്. ക്ഷീര കർഷകർക്കുള്ള ഇൻസെന്റീവായി നൽകിയ തുകയാണിത്.

11) ബി4 ഷെഡ്യൂളിൽ 320900101 എന്ന ഹെഡ്ഡിൽ ബാധ്യതയായി രേഖപ്പെടുത്തിയിരിക്കുന്ന 1700 രൂപ 31-03-2020 (₹ 1200), 29-9-20 (500) തീയ്യതികളിൽ സി.എം.ഡി.ആർ. എഫിലേക്ക് സംഭാവന കിട്ടിയ തുകകളാണ്. ഇത് ഇതേ വരെ സർക്കാരിലേക്ക് ഒടുക്കിയിട്ടില്ല.

## 1-3 സാമ്പത്തിക വിശകലനം(റസീറ്റ് & പേമെന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | ₹17418904 |
| വരവ് | ₹75689191 |
| ആകെ | ₹93108095 |
| ചെലവ് | ₹79282717 |
| നീക്കിയിരിപ്പ് | ₹13825378 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം-ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | ₹564915 |

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ്/ലാപ്സായ തുക |
|---|---|---|---|---|---|
| വികസന ഫണ്ട് ജനറൽ | - | 15686000 | 15686000 | 15686000 | - |
| വികസന ഫണ്ട് (എസ്.സി.പി.) | - | 1426886 | 1426886 | 1336000 | 90886 |
| വികസന ഫണ്ട് (ടി.എസ്.പി.) | - | - | - | - | - |
| മെയിന്റനൻസ് ഗ്രാന്റ് റോഡ് | - | 12884000 | 12884000 | 8532857 | 4351143 |
| മെയിന്റനൻസ് ഗ്രാന്റ് നോൺ റോഡ് | - | 5855203 | 5855203 | 3795761 | 2059442 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് അൺ ടൈഡ് | - | | | | |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (ടൈഡ്) | - | 7689004 | 7689004 | 4433827 | 3255177 |
| കേന്ദ്രാവിഷ്കൃത ഫണ്ടുകൾ | | | | | |

| | | | | | |
|---|---|---|---|---|---|
| ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി | 1001 | 29266025 | 29267026 | 29207657 +13216 (റീഫണ്ട്) = 29220873 | 46153 |
| ഐ.സി.ഡി.എസ് | 550287 | 1133889 | 1684176 | 799335 | 884841 |
| എം.പി. ഫണ്ട് | 1319 | 41 | 1360 | 0 | 1360 |
| സ്വച്ഛ് ഭാരത് ഫണ്ട് | 0 | 619150 | 619150 | 618815 | 335 |
| സംസ്ഥാനാവിഷ്കൃത ഫണ്ടുകൾ | | | | | |
| ടി.എസ്.സി | 141545 | 0 | 141545 | 0 | 141545 |
| സാക്ഷരത | 46042 | 1350 | 47392 | 0 | 47392 |
| വിമുക്തി | 12260 | 0 | 12260 | 0 | 12260 |
| ലൈഫ് പദ്ധതി | 2000000 | 496056 | 2496056 | 0 | 2496056 |
| എം.എൽ.എ. ഫണ്ട് | 0 | 92750 | 92750 | 87150 | 5600 |
| ശുചിത്വ മിഷൻ | 565908 | 660000 | 1225908 | 1157000 | 68908 |
| കണ്ണൂർ കോർപ്പറേഷൻ - ഗ്രാന്റ് | 4500000 | 0 | 4500000 | 0 | 4500000 |

കേന്ദ്ര സംസ്ഥാനാവിഷ്കൃത പദ്ധതി വരവ് ചെലവുകൾ സംബന്ധിച്ച് വ്യക്തമായ എ.സി.ആർ സൂക്ഷിച്ചിട്ടില്ല.

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ എണ്ണം | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|---|
| 164 | 98406318 | 140 | 60332504 | 6 | 24 | 134 | 81.7 |

| നിർവ്വഹണ ഉദ്യോഗസ്ഥൻ | അംഗീകരിച്ച പ്രോജക്ടുകളുടെ എണ്ണം | നടപ്പാക്കിയ പ്രോജക്ടുകളുടെ എണ്ണം | പദ്ധതി അടങ്കൽ | പദ്ധതിച്ചെലവ് | ചെലവ് ശതമാനം |
|---|---|---|---|---|---|
| കൃഷി ഓഫീസർ | 8 | 8 | 7037057 | 4598262 | 65.34 |
| വെറ്റിനറി സർജൻ | 2 | 2 | 850000 | 287495 | 33.82 |
| മെഡിക്കൽ ഓഫീസർ-പിഎച്ച്സി | 6 | 6 | 2679850 | 1874831 | 69.96 |
| മെഡിക്കൽ ഓഫീസർ-ഹോമിയോ | 1 | 1 | 100000 | 100000 | 100 |
| വി ഇ ഒ | 23 | 20 | 22905813 | 11165285 | 48.74 |
| ഐസിഡിഎസ് സൂപ്പർവൈസർ | 8 | 7 | 5715790 | 5440721 | 95.18 |
| സെക്രട്ടറി | 31 | 23 | 10830471 | 4131651 | 38.15 |

| | | | | | |
|---|---|---|---|---|---|
| അസിസ്റ്റന്റ് എഞ്ചിനീയർ | 74 | 63 | 43577829 | 29217742 | 67.05 |
| ഹെഡ്മാസ്റ്റർ | 3 | 3 | 1125000 | 1124150 | 99.92 |
| അസിസ്റ്റന്റ് സെക്രട്ടറി | 4 | 4 | 405000 | 357523 | 88.28 |
| ഫിഷറീസ് എക്സ്ടെൻഷൻ ഓഫീസർ | 2 | 1 | 1147632 | 53798 | 4.69 |
| ഡയറി എക്സ്റ്റെൻഷൻ ഓഫീസർ | 2 | 2 | 2031876 | 1981046 | 97.5 |
| ആകെ | 164 | 140 | 98406318 | 60332504 | 61.3 |

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണ ചെലവുകൾ | 1001 | 1295393 | 1296394 | 1250241 | 46153 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | 0 | 27970632 | 27970632 | 27970632 | 0 |
| ആകെ | 1001 | 29266025 | 29267026 | 29220873 | 46153 |

മഹാത്മാഗാന്ധി ദേശീയ തൊഴിലുറപ്പ് പദ്ധതി പ്രകാരം ഗ്രാമപഞ്ചായത്തിൽ 2021-22വർഷം നടത്തിയപ്രവൃത്തികളുടെ അവലോകനം

ആക്ഷൻ പ്ലാൻ പ്രകാരം അനുമതി ലഭിച്ച പ്രവൃത്തികളുടെയും നടപ്പാക്കിയ പ്രവൃത്തികളുടെയും വിശദാംശങ്ങൾ

| വർഷം | ആക്ഷൻ പ്ലാൻ പ്രകാരം അനുമതി ലഭിച്ച പ്രവൃത്തികൾ (എണ്ണം) | ഏറ്റെടുത്ത പ്രവൃത്തികളുടെ എണ്ണം (സ്പിൽ ഓവർ , തൻവർഷ പദ്ധതികൾ) | പൂർത്തീകരിച്ച പ്രവൃത്തികളുടെ എണ്ണം (സ്പിൽ ഓവർ , തൻവർഷ പദ്ധതികൾ) |
|---|---|---|---|
| 2021-2022 | 1705 | 3 | 5 |

2. തൊഴിലുറപ്പ് പദ്ധതി ജനപങ്കാളിത്തം സംബന്ധിച്ച വിവരം 2021-22

| ക്രമ നമ്പർ | ഇനം | |
|---|---|---|
| 1 | തൻവർഷം പുതുതായി രജിസ്റ്റർ ചെയ്ത കുടുംബങ്ങളുടെ എണ്ണം | 313 |
| 2 | ആകെ രജിസ്റ്റർ ചെയ്ത കുടുംബങ്ങളുടെ എണ്ണം | 3885 |
| 3 | തൊഴിൽ ലഭിച്ച കുടുംബങ്ങൾ | 1385 |
| 4 | 100 ദിനം തൊഴിൽ ലഭിച്ച കുടുംബങ്ങൾ | 298 |
| 5 | തൊഴിൽ ആവശ്യപ്പെട്ടശേഷം തൊഴിൽ ലഭിച്ചവരുടെ ശതമാനം | 91.55 |
| 6 | സൃഷ്ടിക്കപ്പെട്ട തൊഴിൽ ദിനങ്ങൾ | 81011 |
| 7 | തൊഴിൽ കാർഡ് നൽകാൻ ശേഷിക്കുന്ന കുടുംബങ്ങളുടെ എണ്ണം | 0 |

3 എസ് സി/ എസ് ടി പങ്കാളിത്തം

| വർഷം | പഞ്ചായത്തിലെ ആകെ എസ് സി / എസ് ടി കുടുംബങ്ങൾ | രജിസ്റ്റർ ചെയ്ത എസ് സി/ എസ് ടി കുടുംബങ്ങൾ |
|---|---|---|

| | എസ് സി | എസ് ടി | എസ് സി | എസ് ടി |
|---|---|---|---|---|
| 2021-22 | 236 | 1 | 59 | 1 |

## 1-7 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| കർഷകതൊഴിലാളി പെൻഷൻ | 8048200 | 575 |
| വിധവാപെൻഷൻ | 13708500 | 934 |
| വാർദ്ധക്യകാലപെൻഷൻ | 25111000 | 1867 |
| ഭിന്നശേഷിയുള്ളവർക്കുള്ള പെൻഷൻ | 521500 | 325 |
| 50 വയസ്സിനു മുകളിലുള്ള അവിവാഹിതകൾക്കുള്ള പെൻഷൻ | 9,23,200 | 57 |
| വിവാഹ ധനസഹായം | 12000 | 4 |

## 1-8 ക്യാഷ് പരിശാധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 10.01.23 ന് രാവിലെ 11 മണിക്ക് സെക്രട്ടറിയുടെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 1644 രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു .

## 1-9 ആഭ്യന്തരനിയന്ത്രണം

ഗ്രാമപഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണ സംവിധാനം തൃപ്തികരമാണ്. തൻ വർഷം ആകെ 7 പ്രാവശ്യം ഓഫീസ് യോഗം ചേർന്നിട്ടുള്ളത്. ചേർന്ന യോഗത്തിൽ നികുതി പിരിവ്, സെക്ഷനിലെ പെൻറിംഗ് ജോലികൾ, ഫ്രണ്ട് ഓഫീസ് പ്രവർത്തനം എന്നിവ സംബന്ധിച്ച് നിർദ്ദേശം നൽകുന്നതായും കണ്ടു. എല്ലാ മാസങ്ങളിലും യോഗം ചേരുവാൻ ഭാവിയിൽ ശ്രദ്ധിക്കേണ്ടതാണ്. ഓഫീസ് ഓർഡർ ബുക്ക് പ്രകാരം ജീവനക്കാരുടെ ഓഫീസ് ജോലികളിൽ പുന:ക്രമീകരണം വരുത്തിയിട്ടുണ്ട്. നികുതികൾ 100% പിരിച്ചെടുക്കുവാൻ സാധിച്ചിട്ടുണ്ട്.

## 1-10 ഗ്രാമ പഞ്ചായത്തിന്റെ പരിധിയിലുള്ള മുഴുവൻ സ്ഥാപനങ്ങളും എഫ് ടി ഇ & ഒ.എസ് ലൈസൻസ് എടുത്തിട്ടുണ്ടെന്ന് ഉറപ്പു വരുത്തേണ്ടതാണ്.

സാമ്പത്തിക വർഷാരംഭത്തിന് മുന്നോടിയായി FTE&OS ലൈസൻസിന്റെ ഡിമാന്റ് തിട്ടപ്പെടുത്തുന്നതിലേക്കായി ഫീൽഡ് തല പരിശോധന നടത്തി പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന വ്യാപാര-വ്യവസായ സംരംഭങ്ങളെ കണ്ടെത്തി ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കേണ്ടതും സ്ഥാപനങ്ങൾ ലൈസൻസെടുക്കുന്നുണ്ടെന്ന് ഉറപ്പ് വരുത്തേണ്ടതുമുണ്ട്. എന്നാൽ 2021-22 സാമ്പത്തിക വർഷം തയ്യാറാക്കിയ ട്രേഡേഴ്സ് ലിസ്റ്റ് ബന്ധപ്പെട്ട അധികാരികൾ

സാക്ഷ്യപ്പെടുത്തിയിട്ടില്ല. ഗ്രാമ പഞ്ചായത്തിന്റെ സഞ്ചയ സോഫ്റ്റ് വെയറിലെ കെട്ടിടങ്ങളുടെ വിവരങ്ങൾ പരിശോധിച്ചതിൻ പ്രകാരം വാണിജ്യ/വ്യവസായ ആവശ്യങ്ങൾക്കായി ആകെ 1705 കെട്ടിങ്ങൾക്ക് നമ്പർ അനുവദിച്ചിട്ടുണ്ട്. വിശദവിവരം ചുവടെ ചേർക്കുന്നു

| ക്രമ നമ്പർ | കെട്ടിടങ്ങളുടെ തരം | എണ്ണം |
|---|---|---|
| 1 | 100 $M^2$ വരെയുള്ള ഹോട്ടൽ, റസ്റ്റോറന്റുകൾ, ഷോപ്പുകൾ | 1286 |
| 2 | 100 $M^2$ മുകളിലുള്ള ഹോട്ടൽ, റസ്റ്റോറന്റുകൾ,ഷോപ്പുകൾ | 263 |
| 4 | 200 $M^2$വരെയുള്ള സൂപ്പർ മാർക്കറ്റ്, ഷോപ്പിംഗ് മാളുകൾ | 3 |
| 5 | 200 $M^2$ മുകളിലുള്ള സൂപ്പർ മാർക്കറ്റ്, ഷോപ്പിംഗ് മാളുകൾ | 32 |
| 6 | വാണിജ്യാവശ്യത്തിനുള്ള ബങ്കുകൾ, പെട്ടിക്കടകൾ, ഫ്യുവൽ സ്റ്റേഷൻ, അസംബ്ലി കെട്ടിടം തുടങ്ങിയവ | 7 |
| 7 | വ്യവസായ ആവശ്യത്തിനുള്ള കൈത്തറി ഷെഡ്, കയർപിരി ഷെഡ് | 77 |
| 8 | ഇതര വ്യവസായങ്ങൾക്കുള്ളവ | 37 |
| | ആകെ | 1705 |

ഓഡിറ്റിനു ലഭ്യമാക്കിയ 2021-22 വർഷത്തെ എഫ് ടി ഇ & ഒ.എസ്. ലൈസൻസ് രജിസ്റ്റർ പരിശോധിച്ചതിൽ വാണിജ്യ വ്യവസായ ആവശ്യങ്ങൾക്കായി ഉപയോഗപ്പെടുത്തിയ 380 കെട്ടിടങ്ങളുടെ വിവരങ്ങളാണ് രജിസ്റ്ററിൽ ഉൾപ്പെട്ടിട്ടുള്ളത്. ബാക്കിയുള്ള 1325 കെട്ടിടങ്ങളിൽ ലൈസൻസ് ഇല്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നില്ലെന്ന് ഉറപ്പുവരുത്തിയിട്ടുണ്ടോയെന്ന് വ്യക്തമാക്കുവാനാവശ്യപ്പെട്ടുകൊണ്ടു നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.13/2021-22/ 10.1.2023.) നൽകിയ മറുപടിയിൽ ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾ ഇല്ല എന്നാണ് അറിയിച്ചിട്ടുള്ളത്.

എന്നാൽ മുകളിൽ പരാമർശിച്ച വിധം സഞ്ചയ സോഫ്റ്റ് വെയറിലെ വാണിജ്യ/വ്യവസായ ആവശ്യങ്ങൾക്കായുള്ള ആകെ കെട്ടിങ്ങളുടെ എണ്ണവും, എഫ് ടി ഇ & ഒ ലൈസൻസ് എടുത്ത കെട്ടിടങ്ങളുടെ എണ്ണവും തമ്മിലുള്ള വ്യത്യാസത്തിന്റെ കാരണം ലഭ്യമാക്കേണ്ടതാണ്.

## 1-11 ഇ ടെണ്ടർ തുക കുടിശ്ശികയായി തുടരുന്നു

ഗ്രാമ പഞ്ചായത്തിലെ അഞ്ച് ലക്ഷം രൂപക്ക് മുകളിലുള്ള പൊതുമരാമത്ത് പ്രവൃത്തികളുടെ ഇ-ടെണ്ടർ നടപടിക്രമങ്ങളുടെ ഭാഗമായി ടെണ്ടർ ഫാറം വില്പന ഇനത്തിലുള്ള തുക കണ്ണൂർ ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എൻജിനീയറുടെ അക്കൗണ്ടിലേക്കാണ് ക്രെഡിറ്റ് ചെയ്തിരുന്നത്. ഈയിനത്തിൽ ക്രെഡിറ്റ് ചെയ്യപ്പെട്ട 322130രൂപയിൽ 116726 രൂപ മാത്രമേ ഗ്രാമ പഞ്ചായത്തിന് ലഭിച്ചിട്ടുള്ളൂ. അവശേഷിക്കുന്ന തുക തിരികെ ലഭിക്കുന്നതിന് ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എൻജിനീയർക്ക് കത്തു നൽകിയിട്ടുണ്ടെന്നാണ് ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്കുള്ള മറുപടിയിൽ (എൻക്വയറി നമ്പർ-7/07.01.2023) നിർവഹണ ഉദ്യോഗസ്ഥൻ വിശദീകരിച്ചത്. ലഭിക്കാനുള്ള തുക ലഭ്യമാകുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

## 1-12 ഉപകരണങ്ങൾ ലഭ്യമായില്ല,സ്റ്റോക്കിൽ അപാകം ₹ 21650.48 തടസപ്പെടുത്തുന്നു.

| | |
|---|---|
| നിർവഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽഓഫീസർ<br>പി.എച്ച്.സി. കടന്നപ്പള്ളി , |
| പ്രോജക്ട് നമ്പർ | S0054/22 |
| പ്രോജക്ടിന്റെ പേര് | സാന്ത്വന പരിചരണം |
| അടങ്കൽ | ₹ 700000 വികസന ഫണ്ട്, പൊതു വിഭാഗം |

| | |
|---|---|
| ചെലവഴിച്ച തുക | ₹ 553588 |

മേൽ പദ്ധതിയുടെ നിർവഹണത്തിന്റെ ഭാഗമായി ഏയർ ബെഡ് (5എണ്ണം) , കമ്മോഡ് ചെയർ (10എണ്ണം) എന്നിവ വാങ്ങുന്നതിനായി കേരള മെഡിക്കൽ സർവീസസ് കോർപ്പറേഷന് അഡ്വാൻസ് നൽകിയിരുന്നു. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ബിൽ നമ്പർ/തീയ്യതി | പ്രൊഫോർമ ഇൻവോയ്സ് നമ്പർ, തീയ്യതി | നൽകിയ തുക |
|---|---|---|
| 15/31-03-2022 | PRF-5897/19-02-2022 | ₹ 48930 |

(എന്നാൽ ഏയർ ബെഡ്, കമ്മോഡ് ചെയർ എന്നിവ മാത്രമേ പി.എച്ച്.സി.ക്ക് ലഭിച്ചതായി സ്റ്റോക്ക് രേഖകളിൽ കാണുന്നുള്ളൂ. 5 ലൈഫ് കെയർ വീൽ ചെയറുകൾ (ആകെ തുക ₹ 21650.48) ഇതേ വരെ സ്ഥാപനത്തിൽ ലഭിച്ചതായി സ്റ്റോക്കിൽ കാണുന്നില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്കുള്ള (നം. 26/12.01.2023) മറുപടിയിൽ 3 വീൽചെയറുകൾ ലഭിച്ചിട്ടുണ്ടെന്നും ബില്ല് ലഭിക്കാത്തതിനാൽ സ്റ്റോക്കിൽ രേഖപ്പെടുത്താത്തതാണെന്നും നിർവഹണ ഉദ്യോഗസ്ഥൻ അറിയിച്ചു.3 വീൽ ചെയറുകൾ സ്റ്റോക്കിലെടുക്കാത്തതിനാലും 2 വീൽചെയറുകൾ ലഭ്യമാകാത്ത സാഹചര്യത്തിലും ചെലവ് തുകയായ ₹ 21650.48 ഓഡിറ്റിൽ തടസപ്പെടുത്തുന്നു. ലഭിച്ച ഉപകരണങ്ങൾ സ്റ്റോക്കിലെടുക്കേണ്ടതും ലഭ്യമാകാത്തവ ലഭിക്കുന്നതിനായി തുടർ നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

## 1-13 തിരിച്ചു പിടിച്ച തുകകൾ ബന്ധപ്പെട്ട ഫണ്ടിൽ ഒടുക്കുന്നില്ല

കടന്നപ്പള്ളി പാണപ്പുഴ ഗ്രാമ പഞ്ചായത്തിലെ അസിസ്റ്റന്റ് എഞ്ചിനീയർ വികസന ഫണ്ട്, ധനകാര്യ കമ്മീഷൻ അവാർഡ് , മെയിന്റനൻസ് ഫണ്ട് റോഡ് എന്നീ ഇനത്തിലുള്ള തുക ഉപയോഗിച്ച് നിർവ്വഹണം നടത്തിയ റോഡ് ടാറിംഗ് / റീടാറിംഗ് പ്രവൃത്തികളിൽ കരാറുകാരിൽ നിന്ന് ഈടാക്കിയ ഒഴിഞ്ഞ ടാർ ബാരലിന്റെ വില , ബാരലിന്റെ ജി.എസ്.റ്റി എന്നീ ഇനങ്ങളിലുള്ള തുകകൾ സെക്രട്ടറിയുടെ പേരിലുള്ള 799013000000310 നമ്പർ ട്രഷറി അക്കൗണ്ടിലാണ് ക്രഡിറ്റ് ചെയ്തു വരുന്നത്. 30-10-2007ലെ 59827/എഫ്.എം. /07/ തസ്വഭവ നമ്പർ സർക്കുലറിലെയും, ജി ഒ (പി ) 177/2006/ ഫിൻ 12.04.2006 നമ്പർ ഉത്തരവിലെയും നിർദ്ദേശ പ്രകാരം ഒഴിഞ്ഞ ടാർ വീപ്പയുടെ വില ഏത് ഫണ്ട് ഉപയോഗിച്ചാണോ ടാർ വാങ്ങിയത് അതേ ഫണ്ടിൽ ഒടുക്കേണ്ടതാണ്.

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്കുള്ള മറുപടിയിൽ (ഓഡിറ്റ് എൻക്വയറി നമ്പർ-8/07.01.2023) ബാരൽ വിലയും ജി.എസ്.റ്റിയും ബന്ധപ്പെട്ട ഫണ്ടിലേക്ക് തിരിച്ചടക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്ന് സെക്രട്ടറി അറിയിച്ചിട്ടുണ്ട്.

## 1-14 കൃഷി ഭവൻ കെട്ടിടം പാർട്ടിഷൻ ഫർണ്ണിച്ചർ സൗകര്യങ്ങൾഏർപ്പെടുത്തൽ - മുഴവൻ ഫർണ്ണിച്ചറും ലഭ്യമാക്കിയിട്ടില്ല – 7690/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു .

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | കൃഷി ഓഫീസർ |
| പ്രോജക്ട് നമ്പർ | 173/22 |
| പ്രോജക്റ്റിന്റെ പേര് | കൃഷിഭവൻ കെട്ടിടം പാർട്ടിഷൻ ഫർണ്ണിച്ചർ സൗകര്യങ്ങൾ ഏർപ്പെടുത്തൽ |
| അടങ്കൽ | ₹ 600000 വികസന ഫണ്ട് (ധനകാര്യ കമ്മിഷൻ) |
| ചെ ലവ് തു ക ,ACRപ്രകാരമുള്ള ബിൽ നം /തീയതി | ₹595262, 274/26-03.22 |

മേൽ പദ്ധതി പ്രകാരം റബ്കോ ,കണ്ണൂർ എന്ന സ്ഥാപനത്തിൽ നിന്നും 595262/- രൂപ ചെലവഴിച്ച് (ഇൻവോയിസ് നം .RHW/21-22/535,22-3-22) താഴെ പറയുന്ന ഫർണ്ണിച്ചർ വാങ്ങിയിട്ടുണ്ട്.

| ക്രമ നമ്പർ | ഫർണ്ണിച്ചറുകളുടെ വിവരം | എണ്ണം |
|---|---|---|
| 1 | EXECUTVE TABILE | 1 |
| 2 | COMPUTER TABLE W/O TOP AS PER DRG | 1 |
| 3 | EXECUTVE CHAIR REVOLVIUG -HIGH BACK | 1 |
| 4 | ANTIOUE CHAIR W/O ARM | 6 |
| 5 | SHELF BIG | 1 |
| 6 | PARTITION AS PER DRAWING (Sq.mtr) | 14.50SQM |
| 7 | DOOR FOR PAR TITION (WITH DOOR CLOSER) | 1 |
| 8 | OFFICE TABIL 2 SEATER WTH COMPUTER FACILITY | 2 |
| 9 | OFFICE TABLE SINGLE SEATER WITH COMPUTER<br>FACILITY | 1 |
| 10 | EXECUTVE VISITORS CHAIR | 5 |
| 11 | SHELF BIG | 4 |
| 12 | MANAGERS TABLE | 1 |
| 13 | EXECUTIVE VISITORS CHAIR | 1 |
| 14 | DESK | 1 |
| 15 | BENCH | 2 |

ഇൻവോയിസ് നമ്പർ RHW/21-22/535,തീയതി 22-3-22പ്രകാരം മേൽ പറഞ്ഞ ഫർണ്ണിച്ചറുകൾ വാങ്ങിയതിൽ 7690 രൂപയുടെ ഒരു Computer Table W/O TopAsper Drg സ്റ്റോ ക്കിലെടുത്തിട്ടുണ്ട് എന്നാൽ ഭൗതിക പരിശോധനനടത്തിയതിൽ മേൽ പറഞ്ഞ Table കാണാൻ സാധിച്ചില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം .3/07-01-2023) മേ ൽ പറഞ്ഞ ഐറ്റം ഡ്രോയിങ്ങിൽ കാണിച്ചിരുന്നില്ല എന്നും രണ്ടാമത് ഉൾപ്പെടുത്തുകയും റബ്കോ അത് ബില്ലിൽ ഉൾപ്പെടത്തിയിരുന്നെങ്കിലും ഫർണ്ണിച്ചർ ലഭിച്ചിരുന്നില്ലാ എന്നും ആയത് ലഭിക്കുന്നതിന് റബ്കോയ്ക്ക് കത്ത് നൽകിയതിന് ഉടനെ ഫർണ്ണിച്ചർ ഇറക്കുന്നതാണ് എന്ന അറിയിച്ചിട്ടുണ്ട് എന്ന മറുപടിയാണ് ഹാജരാക്കിയത്. മേൽ പറഞ്ഞ ഫർണ്ണിച്ചർ ലഭിക്കാത്തതിനാൽ ഈ ഇനത്തിൽ ചെലവഴിച്ച 7690 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-15 അപ്പാരൽ പാർക്ക് (വനിത.)-₹329625-യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | വി,ഇ.ഒ.കടന്നപ്പള്ളി സർക്കിൾ |
| പ്രൊജക്ട് നം.,പേര് | 79/22,അപ്പാരൽ പാർക്ക് (വനിത.) |
| അടങ്കൽ | ₹1020000(വികസന ഫണ്ട് ) |
| ചെലവ് | ₹359625(വികസന ഫണ്ട് ) |
| ബിൽ നം/തീയ്യതി | 21190452012001478221/26.03.22 |

മേൽ പദ്ധതിയുടെ ഭാഗമായി രണ്ട് വനിതാ ഗ്രൂപ്പുകൾക്ക്(കീർത്തി കുടുംബശ്രീ യൂണിറ്റ്, എസ്.ജെ കുടുംബശ്രീ യൂണിറ്റ് ) ധനസഹായം യഥാക്രമം 179813രൂപയും,179812 രൂപയും(179813+179812=329625) ബേക്ക് എന്റ് സബ്സിഡിയായി കടന്നപ്പള്ളി പാണപ്പുഴ സർവ്വീസ് കോ-ഓപ്പറേറ്റീവ് ബേങ്കിന് അനുവദിച്ചിട്ടുണ്ട്. പ്രസ്തുത ആനുകൂല്യം അനുവദിച്ചിട്ടുള്ള കുടുംബശ്രീ യൂണിറ്റുകളുടെ ബാങ്ക് പാസ്സ് ബുക്കിന്റെ പകർപ്പും,എസ്.ജെ കുടുംബ ശ്രീ യൂണിറ്റിന്റെ ഗുണ ഭോക്തൃ ലിസ്റ്റ് ഗ്രാമ സഭ അംഗീകരിച്ചതിന്റെ രേഖകളും ഹാജരാക്കിയിട്ടില്ല.

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.29/2021-22/13.1.2023) മറുപടിയൊന്നും

ലഭ്യമാക്കിയിട്ടില്ലാത്തതിനാൽ പ്രസ്തുത പദ്ധതിക്കായി ചെലവഴിച്ച 329625.രൂപ തടസ്സപ്പെടുത്തുന്നു. രേഖകൾ ഹാജരാക്കി ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-16 ഹരിത കർമ്മ സേനയ്ക്ക് സുരക്ഷാ-സഹായക ഉപകരണങ്ങൾ വാങ്ങി നൽകൽ- ₹205950-യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | വി.ഇ.ഒ,<br>കടന്നപ്പള്ളി സർക്കിൾ |
| പ്രൊജക്റ്റ് നം. | 96/22 |
| പ്രൊജക്റ്റിന്റെ പേര് | ഹരിത കർമ്മ സേനയ്ക്ക് സുരക്ഷാ-സഹായക ഉപകരണങ്ങൾ വാങ്ങി നൽകൽ. |
| അടങ്കൽ | ₹206000 (ധനകാര്യ കമ്മീഷൻ ഗ്രാന്റ് ) |
| ചെലവ് | ₹205950 |
| ബിൽ നം/ തീയ്യതി | 291/27.3.2022 |

മേൽ പദ്ധതിയുടെ ഭാഗമായി26.3.2022-ലെ Invoice No.ARJ-121 പ്രകാരം 15 മെറ്റൽ ട്രോളി വാങ്ങിച്ച് ഹരിത കർമ്മസേനയ്ക്ക് നൽകിയതിന്റെ വകയിൽ Assian Trading .Narath Kannur എന്ന സ്ഥാപനത്തിന്റെ 118111010000010 എന്ന അക്കൗണ്ട് നമ്പറിൽ 205950രൂപ അനുവദിച്ചിട്ടുണ്ട്.എന്നാൽ ടെണ്ടർ നടപടികളുമായി ബന്ധപ്പെട്ട ഫയലുകളും, രജിസ്റ്ററുകളും പരിശോധിച്ചപ്പോൾ .ടെണ്ടർ നടപടി ക്രമങ്ങൾ ഭരണ സമിതി അംഗീകരിച്ച തീരുമാനത്തിന്റെ പകർപ്പ് ലഭ്യമായിട്ടില്ല.

പദ്ധതിയുടെ ഭാഗമായി മെറ്റൽ ട്രോളി വിതരണം ചെയ്യുന്നതിനായി ക്ഷണിച്ച ടെണ്ടർ പ്രകാരം 5ടെണ്ടറുകൾ ലഭിച്ചിട്ടുണ്ട് ആയതിന്റെ വിശദ വിവരം ചുവടെ കൊടുക്കുന്നു.

| ക്രമ നമ്പർ | സ്ഥാപനത്തിന്റെ/വ്യക്തിയുടെ പേര് | ക്വാട്ട് ചെയ്ത തുക ₹ |
|---|---|---|
| 1 | മാനേജർ ഏഷ്യൻ ട്രേഡിംഗ് | 13898 |
| 2 | പിക്കർ ബേർഡ് | 14770 |
| 3 | വിഷ്ണുചന്ദ്രൻ.കെ.വി, മലപ്പുറം. | 16000 |
| 4 | അർജ്ജുൻ അസോസിയേറ്റ്സ്,കണ്ണൂർ | 14180 |
| 5 | സഫാരി ട്രേഡിംഗ് കമ്പനി മലപ്പുറം. | 14220. |

27.1.2022-ന് പഞ്ചായത്ത് ഹാളിൽ ചേർന്ന പ്രൊക്യൂർമെന്റ് കമ്മിറ്റി യോഗ തീരുമാന പ്രകാരം മെറ്റൽ ട്രോളിയുടെ ഗുണ നിലവാരം ഉറപ്പ് വരുത്തി മാത്രം ടെണ്ടറിന് അംഗീകാരം നൽകിയാൽ മതിയെന്നും, ആയതിനാൽ ടെണ്ടറിൽ പങ്കെടുത്തവർ ക്വാട്ട് ചെയ്ത തുകയുടെ മെറ്റൽ ട്രോളിയുടെ സാമ്പിളുമായി പ്രൊക്യൂർമെന്റ് കമ്മിറ്റിയുടെ മുമ്പാകെ ഹാജരാകുവാൻ ഭരണ സമിതിയോട് ശിപാർശ ചെയ്യാൻ തീരുമാനിച്ചു. ടെണ്ടറിൽ തുക ക്വാട്ട് ചെയ്ത ആരൊക്കെയാണ് സാമ്പിളുമായി കമ്മിറ്റിയുടെ മുമ്പിൽ ഹാജരായത്,ടെണ്ടർ നടപടി ക്രമങ്ങൾ ഭരണ സമിതി അംഗീകരിച്ച തീരുമാനത്തിന്റെ പകർപ്പ് എന്നിവ ഫയലിൽ ലഭ്യമല്ല.

സാമ്പിളുമായി കമ്മിറ്റിയുടെ മുമ്പിൽ ഹാജരായ സ്ഥാപനത്തിന്റെ/വ്യക്തിയുടെ പേര് വിവരവും, പ്രസ്തുത ടെണ്ടർ ഭരണ സമിതി അംഗീകരിച്ച തീരുമാനത്തിന്റെ പകർപ്പും ഹാജരാക്കിയിട്ടില്ലാത്തതിനാൽ 205950 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-17 ഭവന പുനരുദ്ധാരണം(പൊതു വിഭാഗം)-പദ്ധതി നിർവ്വഹണത്തിലെ അപാകങ്ങൾ

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ. | വി.ഇ.ഒ., കടന്നപ്പള്ളി സർക്കിൾ |

| | |
|---|---|
| പ്രൊജക്ട് നം. | 23/22 |
| പ്രൊജക്ടിന്റെ പേര് | ഭവന പുനരുദ്ധാരണം (പൊതു വിഭാഗം) |
| അടങ്കൽ | ₹3375000.<br>₹3287000(വികസന ഫണ്ട് )<br>₹88000(തനത് ഫണ്ട് ) |
| ചെലവ് | ₹3187500(വികസന ഫണ്ട് ) |
| ബിൽ.നം/തീയ്യതി/തുക | 2119045201200042183/20.9.2021/₹562500<br>2119045201200048834 7/6.10.2021/₹262500<br>211904520120005296 18/18.10.2021/₹375000<br>2119045201200057808 7/28.10.2021/₹75000.<br>2119045201200066276 6/17.11.2021./₹225000.<br>2119045201200077537 4/13.12.2021/₹187500<br>2119045201200091913 8/11.1.2022/₹487500<br>2119045201200097760 4/19.1.2022/₹112500.<br>2119045201200103077 5/29.1.2022/₹225000<br>2119045201200109752 9/10.2.2022/₹225000<br>2119045201200117129 8/21.2.2022/₹150000<br>2119045201200125753 6/5.3.2022/₹112500<br>2119045201200134286 9/5.3.2022/₹187500. |

സ.ഉ(കൈ)നം.22/2018/ത.സ്വ.ഭ.വ-തീയ്യതി-14.2.2018 പ്രകാരം മേൽ പദ്ധതിയുടെ ആനുകൂല്യം ലഭിക്കുവാനുള്ള ജനറൽ വിഭാഗത്തിന്റെ കുടുംബ വാർഷിക വരുമാന പരിധി 200000 രൂപയാണ്. എന്നാൽ ബാലകൃഷ്ണൻ.കെ എന്ന ഗുണഭോക്താവ് അപേക്ഷയോടൊപ്പം ഹാജരാക്കിയിട്ടുള്ള പാണപ്പുഴ വില്ലേജ് ഓഫീസർ നൽകിയിട്ടുള്ള വരുമാനസർട്ടിഫിക്കറ്റിൽ വാർഷിക വരുമാനം 600000 രൂപയാണ് (No.59445440-തീയ്യതി-20.9.2021). പ്രസ്തുത ഗുണഭോക്താവിന്റെ 67235015231എന്ന ബാങ്ക് അക്കൗണ്ട് നമ്പറിൽ75000രൂപ(211904520120004883 47/6.10.2021 /₹262500,211904520120009776 04/19.1.2022/₹112500- എന്നീ ബിൽ നമ്പറിൽ ഉൾപ്പെട്ട തുക(37500+37500=75000)അനുവദിച്ചതിന്റെ കാരണം ലഭ്യമാക്കുവാനാവശ്യപ്പെട്ടുകൊണ്ടു നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (ന.24/12.1.2023) ലഭ്യമാക്കിയ മറുപടിയിൽ. പ്രസ്തുത ഗുണഭോക്താവിന്റെ കുടുംബത്തിന്റെ റേഷൻ കാർഡ് മുൻഗണനാ വിഭാഗത്തിൽപെടുന്നതാണെന്നും, റേഷൻ കാർഡ് പ്രകാരം പ്രതിമാസ വരുമാനം 1000 രൂപ മാത്രമാണെന്നും, വരുമാന സർട്ടിഫിക്കറ്റിൽ 600000 രൂപ എന്ന് അബദ്ധത്തിൽ രേഖപ്പെടുത്തിയത് ശ്രദ്ധിക്കാത്തതുകൊണ്ടുമാണ് ഈ പിഴവ് സംഭവിച്ചതെന്നും അറിയിച്ചിട്ടുണ്ട്.

ആനുകൂല്യങ്ങൾ അനുവദിക്കുമ്പോൾ അപേക്ഷകളുടെ സൂക്ഷ്മ പരിശോധന നടത്തിയിട്ടുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതാണ്. കൂടാതെ വില്ലേജ് ഓഫീസർ നൽകിയിട്ടുള്ള വരുമാനസർട്ടിഫിക്കറ്റിൽ വാർഷിക വരുമാനം 600000 രൂപ എന്ന് അബദ്ധത്തിൽ രേഖപ്പെടുത്തിയതാണെങ്കിൽ ആയത് വ്യക്തമാക്കുന്നതിന് ആധാരമായ രേഖകൾ ഹാജരാക്കി തുടർനടപടികൾ ഒഴിവാക്കേണ്ടതുമാണ്.

## 1-18 പാണപ്പുഴ ഇൻഡോർ സ്റ്റേഡിയത്തിന് സമീപം കുഴൽ കിണർ നിർമ്മാണം - ഭൂജല വകുപ്പിൽ നിന്ന് തിരികെ കിട്ടിയ തുക ബന്ധപ്പെട്ട ഫണ്ടിലേക്ക് തിരികെ ഒടുക്കിയില്ല

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |
| പ്രോജക്ട് നമ്പർ | 99/22 |
| പ്രോജക്ടിന്റെ പേര് | പാണപ്പുഴ ഇൻഡോർ സ്റ്റേഡിയത്തിന് സമീപം പൊതു കുഴൽകിണർ |

| | |
|---|---|
| അടങ്കൽ | ₹ 50000/-വികസന ഫണ്ട് പൊതുവിഭാഗം |
| ചെലവ് തുക ,ബിൽ നം/തീയതി | ₹50000/- ,18/15-3-22 , |

മേൽ പദ്ധതി പ്രകാരം ഗ്രാമ പഞ്ചായത്തിലെ പാണപ്പുഴ ഇൻഡോർ സ്റ്റേഡിയത്തിന് സമീപം കുഴൽ കിണർ നിമ്മിക്കുന്നതിനുവേണ്ടി 50000/- രൂപ ഭൂജല വകുപ്പിന് നൽകിയിട്ടുണ്ട്.എന്നാൽ പദ്ധതിക്കു വേണ്ടി 26475/- രൂപ മാത്രമാണ് ചെലവഴിച്ചത് ബാക്കി തുകയായ 23525/- ഗ്രാമ പഞ്ചയാത്തിന്റെ 357401000000550 എന്ന ബാങ്ക് അക്കൗണ്ടിലെക്ക് തിരിച്ച് അടവാക്കിയിട്ടുണ്ട്. മേൽ തുക ബന്ധപ്പെട്ട ഫണ്ടിലേക്ക് തിരിച്ച് അടവാക്കിയിട്ടുണ്ടോ എന്ന വിവരം ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണ (19/12.01.2023) ത്തിന് മറുപടി ലഭ്യമാക്കിയതിൽ മേൽ തുക ബന്ധപ്പെട്ട ഫണ്ടിലെക്ക് തിരിച്ചടക്കുന്നതാണ് എന്നറിയിച്ചിട്ടുണ്ട്. മേൽ പറഞ്ഞ തുക ബന്ധപ്പെട്ട ഫണ്ടിലേക്ക് തിരിച്ചടക്കേണ്ടതാണ്.

## 1-19 തുക അഡ്വാൻസ് ആയി നൽകിയിട്ടും ലാപ് ടോപ് ലഭിച്ചില്ല.

| | |
|---|---|
| നിർവഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽഓഫീസർ, പി.എച്ച് .സി. കടന്നപ്പള്ളി |
| പ്രോജക്ട് നമ്പർ | S0172/22 |
| പ്രോജക്ടിന്റെ പേര് | ആലക്കാട് പി.എച്ച്.സി.യിലേക്ക് കംപ്യൂട്ടർ അനുബന്ധ ഉപകരണങ്ങൾ വാങ്ങൽ |
| അടങ്കൽ | ₹ 60,000 ധനകാര്യ കമ്മീഷൻ ഗ്രാന്റ് |
| ചെലവഴിച്ച തുക | ₹ 31280 |
| ബിൽ നമ്പർ, തീയ്യതി | 297/25-03-2022 |

മേൽസൂചിപ്പിച്ച പദ്ധതിയുടെ നിർവഹണത്തിന്റെ ഭാഗമായി Intel Processor -Medium End Windows10 Home ഡെസ്ക് ടോപ് വാങ്ങുന്നതിന് സി.പി.ആർ.സി.എസ് പോർട്ടൽ മുഖേന ₹ 31280 കെൽട്രോണിന് കൈമാറിയിരുന്നു. (പ്രൊഫോർമ ഇൻവോയിസ് നമ്പർ- TVM/ITBG/PI/RC/36683/20-21/21-03-2022).തുടർന്ന് പ്രസ്തുത കംപ്യൂട്ടർ സ്റ്റോക്കിലില്ല എന്ന് അറിയിച്ചതിനാൽ പകരമായി സി.പി.ആർ.സി.എസ് പോർട്ടലിൽ ഉൾപ്പെട്ട ₹ 36544 വിലയുള്ള Medium End, Laptop Pc,Intel Core I3, 4GB RAM Ubuntu Specificationൽ ഉള്ള ലാപ് ടോപ് വാങ്ങാൻ തീരുമാനിക്കുകയും അധികമായ വേണ്ട 5264 രൂപ കെൽട്രോണിന്റെ ട്രഷറി അക്കൗണ്ടിൽ ഒടുക്കുകയും ചെയ്തു. എന്നാൽ മേൽ സൂചിപ്പിച്ച ലാപ്ടോപ് കെൽട്രോൺ ഇതേ വരെ ലഭ്യമാക്കിയിട്ടില്ല. അധികമായി നൽകിയ 5264 രൂപയുടെ വരവ് സംബന്ധിച്ച വിശദാംശങ്ങൾ ഫയലിൽ ലഭ്യമല്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്കുള്ള (എൻക്വയറി നമ്പർ-10/10.01.2023) മറുപടിയിൽ അധികമായി ആവശ്യം വന്ന തുകയ്ക്ക് ഫണ്ട് കണ്ടെത്താൻ സാധിക്കാത്തതിനാൽ പ്രസ്തുത തുക ജീവനക്കാരിൽ നിന്നും വ്യക്തിപരമായി സമാഹരിച്ച് കെൽട്രോണിന്റെ ട്രഷറി അക്കൗണ്ടിൽ ഒടുക്കുകയായിരുന്നെന്നാണ് മറുപടി നൽകിയത്. ജീവനക്കാരിൽ നിന്നും തുക സമാഹരിച്ച് ഓഫീസ് ലാപ് ടോപ്പ് വാങ്ങിയത് സർക്കാർ അനുമതിയില്ലാത്ത നടപടിയായിരുന്നു. എന്നാൽ ഇത് സംബന്ധിച്ചും യാതൊരു രേഖകളും ഫയലിൽ ലഭ്യമല്ല. ലാപ്ടോപ് ലഭിക്കുന്നതിനുള്ള തുടർ നടപടികൾ സ്വീകരിച്ച് ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-20 ഫെസ്റ്റിവൽ അഡ്വാൻസ് തുക തിരികെ ഒടുക്കിയില്ല

ഗ്രാമ പഞ്ചായത്തിലെ അഡ്വാൻസ് രജിസ്റ്റർ പരിശോധിച്ചതിൽ ഫെസ്റ്റിവെൽ അഡ്വാൻസ് ഇനത്തിൽ ശ്രീ.സാം ജി . ഇ. ആർ അസി. സെക്രട്ടറിക്ക് അനുവദിച്ച 15000 രൂപയിൽ 6000/- രൂപ നാളിതു വരെ തിരികെ ഒടുക്കിയതായി കാണുന്നില്ല. ആയത് തിരികെ ലഭിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരം ലഭ്യമാക്കാൻ നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം .16/12-01-2023) ശ്രീ .സാം ജി . ഇ. ആർ അസി.സെക്രട്ടറിക്ക് ഇവിടെ നിന്ന് സ്ഥലം മാറിപോയി എന്നും, രസീത് നമ്പർ 1220101764/12-08-22 പ്രകാരം 3000/- രൂപ അടവാക്കുകയും ബാക്കി തുക പഞ്ചായത്ത് അക്കൗണ്ടിലെക്ക് ഒടുക്കുന്നതിനു പകരം അക്കൗണ്ട് നമ്പർ തെറ്റി മേൽ തുക മറ്റൊരു വ്യക്തിയുടെ അക്കൗണ്ടിലെക്ക് ക്രഡിറ്റ് ചെയ്തു എന്നും തുക ലഭ്യമാകുന്നതിനു വേണ്ടി നിലവിൽ ശ്രീ.സാംജി. ഇ.ആർ അസി.സെക്രട്ടറി ജോലി ചെയ്യുന്ന വെള്ളനാട് ഗ്രാമ പഞ്ചായത്ത് സെക്രട്ടറിക്ക് കത്ത് നൽകിയിട്ടുണ്ട് എന്ന മറുപടിയാണ് ലഭ്യമാക്കിയത്. തിരികെ ലഭ്യമാകാൻ ബാക്കിയുള്ള ഫെസ്റ്റിവൽ അഡ്വാൻസ് 3000/- രൂപ ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

## 1-21 വാക്സിൻ ചലഞ്ചിന്റെ ഭാഗമായി മുഖ്യമന്ത്രയുടെ ദുരിതാശ്വാസ നിധിയിലേക്ക് തുക ഒടുക്കിയതിന്റെ കൈപ്പറ്റ് രശീതി ഹാരാക്കിയില്ല

2021-22 വർഷത്തെ തനത് ഫണ്ട് ചെലവ് രേഖകകൾ പരിശോധിച്ചതിൽ വൗച്ചർനമ്പർ 22100097/24-5-21 പ്രകാരം വാക്സിൻ ചലഞ്ചിന്റെ ഭാഗമായി മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്ക് (അക്കൗണ്ട് നം.00990100002020) 500000/- രൂപ ധനസഹായമായി നൽകിയിട്ടുണ്ട്. എന്നാൽ തുക കൈപ്പറ്റിയതിന്റെ രശീതി പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. ആയത് പരിശോധനക്ക് ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.27/13.01.2023) മറുപടി ലഭ്യമാക്കിയതിൽ രസീത് ലഭിക്കുന്നതിന് കത്ത് നൽകിയിട്ടുണ്ട് എന്നാണ്. തുക കൈപ്പറ്റിയതിന്റെ രശീതി ലഭിക്കുന്ന മുറയ്ക്ക് പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്.

## 1-22 ഐ.കെ .എം വിഹിതം നൽകൽ-വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |
| പ്രോജക്ട് നമ്പർ | 3/22, |
| പ്രോജക്ടിന്റെ പേര് | ഐ.കെ.എം വിഹിതം നൽകൽ |
| അടങ്കൽ | ₹60568/- വികസന ഫണ്ട് പൊതു വിഭാഗം |
| ചെലവ് തുക,ബിൽ നം .തീയ്യതി | ₹ 60568/- 6/26.07.2021 |

മേൽ പ്രോജക്ട് പ്രകാരം ₹ 60268/- ഐ.കെ.എം എക്സിക്യൂട്ടീവ് ഡയറക്ടറുടെ അക്കൗണ്ടിലേക്ക് (നമ്പർ 57047023512) ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്തിട്ടുണ്ട്. തുക വിനിയോഗിച്ചതിന്റെ വിനിയോഗസാക്ഷ്യപത്രം പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല ആയത് പരിശോധനയ്ക്ക് ഹാജരാക്കാൻ നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.18/12-01- 2023) വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കുന്നതിന് ഐ.കെ.എം-നോട് ആവശ്യപ്പെട്ടിട്ടുണ്ട് എന്നും ലഭ്യമാകുന്ന മുറയ്ക്ക് ഹാജരാക്കുന്നതാണ് എന്നറിയിച്ചിട്ടുണ്ട്. വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കേണ്ടതാണ്.

## 1-23 വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |
| പ്രോജക്ട് നമ്പർ | 100/22 |
| പ്രോജക്ടിന്റെ പേര് | ആലക്കാട് ,ഏര്യം ബക്കളം, തെക്കേക്കര,പൊന്നച്ചേരി ,കള്ളക്കാം തോട് ,പാണപ്പുഴച്ചാല് ശ്മശാനങ്ങൾക്ക് കുഴൽ കിണർ നിർമ്മാണം |
| അടങ്കൽ | ₹ 800000/-ധനകാര്യ കമ്മീഷൻ ഗ്രാന്റ് |
| ചെലവ് തുക , വൗച്ചർ നം/തീയതി,തുക | ₹412000/-<br>22100958/26/3/22 , 159000/-<br>22100953/26/3/22 , 253000/ |

മേൽ പദ്ധതി പ്രകാരം ആലക്കാട് ,ഏര്യം ബക്കളം, തെക്കേക്കര,പൊന്നച്ചേരി ,കള്ളക്കാം തോട് ,പാണപ്പുഴച്ചാല് എന്നീ പ്രദേശങ്ങളിൽ കുഴൽ കിണർ നിർമ്മിക്കുന്നതിന് ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റ് തയ്യാറാക്കിയ എസ്റ്റിമേറ്റിന്റെ അടിസ്ഥാനത്തിൽ യഥാക്രമം ₹159000/-, ₹253000/- ഡിസ്ട്രിക് ഓഫീസർ, കണ്ണൂർ, ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റിന് നൽകിയിട്ടുണ്ട്. ഇതിൽ ആലക്കാട് ,ഏര്യം ബക്കളം, തെക്കേക്കര, കള്ളക്കാം തോട് എന്നീപ്രവ്യത്തികൾക്ക് ₹253000/- നൽകിയതിന്റെ പ്രവൃത്തി പൂർത്തീകരണ സാക്ഷ്യപത്രം, വിനിയോഗ സാക്ഷ്യ പത്രം എന്നിവ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. രേഖകൾ ലഭ്യമാക്കാനാവശ്യപ്പെട്ടുകൊണ്ട് 17/12-1-23 പ്രകാരം നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ഹാജരാക്കിയതിൽ മേൽ പ്രവൃത്തി പൂർത്തീകരിച്ചിട്ടില്ല എന്നും പദ്ധതി പൂർത്തീകരിച്ച് വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കുന്നതാണ് എന്നറിച്ചിട്ടുണ്ട്.

## 1-24 മരുന്ന് ലഭിക്കുന്നതിൽ കാല താമസം.

കടന്നപ്പള്ളി പാണപ്പുഴ ഗ്രാമ പഞ്ചായത്തിലെ മെഡിക്കൽ ഓഫീസർ, പി.എച്ച്.സി കടന്നപ്പള്ളി നിർവഹണ ഉദ്യോഗസ്ഥനായി 2021-22 വർഷം നടപ്പിലാക്കിയ പദ്ധതികളുമായി ബന്ധപ്പെട്ട് മെഡിക്കൽ സർവീസസ് കോർപ്പറേഷനിൽ നിന്നും മരുന്ന വാങ്ങിക്കുന്നതിന് അഡ്വാൻസ് നൽകിയിരുന്നു. എന്നാൽ താഴെ ചേർക്കും പ്രകാരമുള്ള തുകയ്ക്കുള്ള മരുന്നുകൾ ലഭിച്ചിട്ടില്ല.

| ക്രമ നമ്പർ | പ്രോജക്ടിന്റെ പേര്, നമ്പർ, അടങ്കൽ | മരുന്നിന് അഡ്വാൻസ് നൽകിയ തുക | ബിൽ നമ്പർ, തീയ്യതി | ലഭിച്ച മരുന്ന് (തുക) | അവശേഷിക്കുന്ന തുക |
|---|---|---|---|---|---|
| 1 | അലോപ്പതി മരുന്ന വാങ്ങൽ<br>S0015/22<br>₹100000 (മെയിന്റനൻസ് ഫണ്ട് റോഡിതരം)<br>ആകെ – ₹100000 | ₹ 100000 | 12/20-1-21 | ₹ 68517 | ₹ 31483 |
| 2 | സാന്ത്വന പരിചരണം<br>S0054/22<br>₹700000 (വികസന ഫണ്ട്)<br>ആകെ – ₹553588 | ₹ 100000 | 16/31-3-22 | ₹ 70340 | ₹ 29660 |

മരുന്ന് ലഭ്യമാക്കുന്നത് സംബന്ധിച്ച് കത്ത് നൽകിയിട്ടുണ്ടെന്നാണ് ഓഡിറ്റ് എൻക്വയറിക്കുള്ള (നമ്പർ 14/11.01.2023) മറുപടിയിൽ നിർവഹണ ഉദ്യോഗസ്ഥൻ അറിയിച്ചത്. മരുന്ന് ലഭ്യമാക്കുന്നതിനുള്ള തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-25 സർക്കാർ അനുമതിയില്ലാതെ ആർജിതാവധി സറണ്ടർ അനുവദിച്ചു

26-07-2021ലെ ജി.ഒ.(പി) നമ്പർ 160/2021/ധന നമ്പർ ഉത്തരവ് പ്രകാരം സർക്കാർ ജീവനക്കാരുടെ ആർജിതാവധി പണമാക്കുന്നത് 1-06-2021 മുതൽ പ്രാബല്യത്തിൽ 6 മാസത്തേക്ക് മരവിപ്പിച്ച് ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. പ്രസ്തുത നിയന്ത്രണം തുടർന്നു വരികയാണ്. മേൽ പരാമർശിച്ച ഉത്തരവ് തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിലെ ജീവനക്കാർക്കും ബാധകമാണ് എന്ന് വ്യക്തമാക്കിയിട്ടുള്ളതാണ്. പാർടൈം കണ്ടിജന്റ് ജീവനക്കാർ, മുനിസിപ്പൽ കണ്ടിജന്റ് ജീവനക്കാർ, ലാസ്റ്റ് ഗ്രേഡ് ജീവനക്കാർ എന്നിവരെ മാത്രമാണ് ഒഴിവാക്കിയിട്ടുള്ളത്. എന്നാൽ കടന്നപ്പള്ളി പാണപ്പുഴ ഗ്രാമ പഞ്ചായത്തിൽ ആർജിതാവധി സറണ്ടറിന് അനുമതി ലഭിക്കാത്ത ജീവനക്കാർക്ക് സറണ്ടർ അനുവദിച്ച് തുക നൽകിയിട്ടുണ്ട്.

| ക്രമ നമ്പർ | പേര് ഉദ്യോഗപേര് | വൗച്ചർ നമ്പർ തീയതി തുക | അനുവദിച്ച തുക |
|---|---|---|---|
| 1 | ശ്രീ. സതീശൻ പുളുക്കു, അസി.സെക്രട്ടറി | 22100116/01-06-2021 | 59829 |
| 2 | ശ്രീ അഭിലാഷ് കേളോത്ത് അക്കൗണ്ടന്റ് | 22100116/01-06-2021 | 51837 |
| 3 | ശ്രീ. സുരേശൻ കെ പി സീനിയർ ക്ലർക്ക് | 22100116/01-06-2021 | 51837 |
| 4 | ശ്രീ. പ്രമോദ് കുമാർ സീനിയർ ക്ലർക്ക് | 22100116/01-06-2021 | 50616 |
| 5 | ശ്രീ.ലജിന വി സീനിയർ ക്ലർക്ക് | 22100116/01-06-2021 | 45843 |

| | | | |
|---|---|---|---|
| 6 | ശ്രീ. ജയേഷ് സി ക്ലർക്ക് | 22100116/01-06-2021 | 30304 |
| 7 | ശ്രീപ്രിയ കെ ക്ലർക്ക് | 22100116/01-06-2021 | 33633 |
| 8 | രഹിന മോൾ ഇ ക്ലർക്ക് | 22100116/01-06-2021 | 33633 |
| 9 | സജ്ജലാൽ സി കെ ഹെഡ് ക്ലർക്ക് | 22100116/01-06-2021 | 57054 |

വ്യക്തമായ നിർദ്ദേശം ലഭിക്കുന്നതിന് മുമ്പ്, സർക്കാർ ഉത്തരവിന് അനുസൃതമായല്ലാതെ ലീവ് സറണ്ടർ ആനുകൂല്യം നല്കിയതിന്റെ കാരണം വ്യക്തമാക്കാൻ നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.20/12-1-23) ആർജിതാവധി സറണ്ടർ മരവിപ്പിച്ച ഉത്തരവ് 26-07-2021നായിരുന്നു വന്നത് എന്നതു കൊണ്ടാണ് സറണ്ടർ അനുവദിച്ചത് എന്ന മറുപടിയാണ് ലഭ്യമാക്കിയത്. സർക്കാർ ഉത്തരവിന് വിരുദ്ധമായി ആർജ്ജിതാവധി സറണ്ടർ അനുവദിച്ചതിന് വ്യക്ത വരുത്തേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധി ച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/ തീയതി |
|---|---|---|
| 2021-22 | 6.01.23 | കെ.എസ്.എ/കെ.എൻ.ആർ/സി.12/118/2023<br>തീയതി: 22-03-2023 |

### 4-2 സംയുക്തപ്രോജക്കുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്റ്റിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ജില്ലാ പഞ്ചായത്ത് | 2020-21 | 90000 | പച്ചക്കറി തൈകൾ വിത്തു വിതരണം | 90000 | |
| | | 952000 | നെൽക്കൃഷി വികസന പദ്ധതി | 952000 | 0 |
| | | 53798 | മത്സ്യ കൃഷി | 53798 | 0 |
| | | 320000 | ലൈഫ് ഭവനനിർമ്മാണ | 320000 | 0 |

| | | | | | |
|---|---|---|---|---|---|
| | | | പദ്ധതി | | |
| | | 300000 | ഭിന്നശേഷിയുള്ള കുട്ടികൾക്ക് സ്കോളർഷിപ്പ്, ബത്ത നല്കൽ | 300000 | |
| | | 149000 | ക്ഷീരകർഷകർക്ക് പാലിന് ഇൻസെന്റീവ്,1 | 149000 | 0 |
| | | 500000 | ക്ഷീരകർഷകർക്ക് പാലിന് ഇൻസെന്റീവ് (സ്പിൽ ഓവർ) | 500000 | |
| | ആകെ | 2364798 | | 2364798 | |
| ജില്ലാ പഞ്ചായത്ത് | 2020-21 | 476000 | നെൽക്കൃഷി വികസന പദ്ധതി | 476000 | 0 |
| | | 1000000 | ലൈഫ് ഭവനനിർമ്മാണ പദ്ധതി (പട്ടിക ജാതി) | 1000000 | 0 |
| | | 250800 | ഭിന്നശേഷിയുള്ള കുട്ടികൾക്ക് സ്കോളർഷിപ്പ്, ബത്ത നല്കൽ | 250800 | 0 |
| | | 350000 | ക്ഷീരകർഷകർക്ക് പാലിന് ഇൻസെന്റീവ് | 350000 | 0 |
| | ആകെ | 2076800 | | 2076800 | |

## 4-3 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

നിക്ഷപ പ്രവർത്തികൾക്ക് വേണ്ടി നൽകിയ തുകയുടെ വിവരങ്ങൾ

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൌച്ചർ നമ്പർ | മുൻകൂർ നൽകിയ തുക | വിനിയോഗ സാക്ഷ്യപത്രം പ്രകാരം ചെലവായ തുക | ബാക്കിയുള്ള തുക |
|---|---|---|---|---|---|
| ഗ്രൌണ്ട് വാട്ടർ വകുപ്പ് | പാണപ്പുഴ ഇൻഡോർ സ്റ്റേഡിയത്തിന് സമീപം കുഴൽ കിണർ | 18/15-03.22 | 50000 | 50000 | 0 |
| ഗ്രൌണ്ട് വാട്ടർ വകുപ്പ് | ശ്മശാനങ്ങൾക്ക് കുഴൽ കിണർ | 22100953/26.3.22 253000 22100958/25.3.22 159000 | 412000 | 0 | 412000 |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

## 4-5 വായ്പ , വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം ഗ്രാമപഞ്ചായത്തിന് വായ്പയിനത്തിൽ വരവില്ല. ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവേശഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയു | തൻവർഷ വായ്പ വരവ് | തൻവർഷം തിരിച്ചടച്ച തുക | വർഷാവസാനം തിരി ച്ചടയ്ക്കാൻ |
|---|---|---|---|---|---|---|

| | | | ണ്ടായിരുന്ന തുക | | | | ബാക്കിയുള്ള തുക |
|---|---|---|---|---|---|---|---|
| | | | | | മുതൽ | പലിശ | |
| ലൈഫ് ഭവനപദ്ധതി | GO(MS)68/ 2018/18.05.18 | 35,70,000 (ഹഡ്കോ) | 29,83,333 | 0 | 293333 | | 2690000 |

## 4-6 സ്ഥിരനിക്ഷേപങ്ങൾ

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 1,91,39,326 |
| തൻവർഷം നിക്ഷേപിച്ച തുക | 13,86,151 (പലിശ) |
| ആകെ | 2,05,25,477 |
| തന്നാണ്ടിൽ പിൻവലിച്ച തുക | 0 |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 2,05,25,477 |

വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു .

| ക്രമ നം | സ്ഥാപനത്തിന്റെ പേര് | പുതുക്കിയ തിയതി | തുക | റിമാർക്ക്സ് |
|---|---|---|---|---|
| 1 | മാടായി കോ.ഓപ്പറേറ്റീവ് ബാങ്ക്(180211103177) | 31.12.2021 | 1892347 | |
| 2 | മാടായി കോ.ഓപ്പറേറ്റീവ് ബാങ്ക്(180211103178) | 31.12.2021 | 2090260 | |
| 3 | മാടായി കോ.ഓപ്പറേറ്റീവ് ബാങ്ക്(180211103179) | 31.12.2021 | 1892347 | |
| 4 | മാടായി കോ.ഓപ്പറേറ്റീവ് ബാങ്ക്(100211113504) | 28.12.2021 | 440203 | |
| 5 | കടന്നപ്പള്ളിപാണപ്പുഴസർവ്വീസ് കോ-ഓപ്പറേറ്റീവ് ബാങ്ക്(485) | 14-12-2021 | 3547580 | |
| 6 | കടന്നപ്പള്ളിപാണപ്പുഴസർവ്വീസ് കോ-ഓപ്പറേറ്റീവ് ബാങ്ക്(486) | 14-12-2021 | 3547580 | |
| 7 | കടന്നപ്പള്ളിപാണപ്പുഴസർവ്വീസ് കോ-ഓപ്പറേറ്റീവ് ബാങ്ക്(487) | 14-12-2021 | 3547580 | |
| 8 | കടന്നപ്പള്ളിപാണപ്പുഴസർവ്വീസ് കോ-ഓപ്പറേറ്റീവ് ബാങ്ക്(488) | 14-12-2021 | 3547580 | |
| 9 | മലബാർ ടൂറിസം ഡവലപ്മെൻറ് കോപ്പറേറ്റീവ് സൊസൈറ്റി-വിസ്മയ- ബി ക്ലാസ് ഷെയർ-2എണ്ണം (സർട്ടിഫിക്കറ്റ് നമ്പർ 4425, മെമ്പർ നമ്പർ 117) | 09-04-15 | 20000 | |
| | ആകെ | | 20525477 | |

## 4-7 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച തുകയുടെ വിശദ വിവരങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ഖണ്ഡിക | ഈടാക്കിയതുക | ഒടുക്കിയആളുടെ പേരും ഉദ്യോഗപ്പേരും | രശീതിനമ്പർ തീയ്യതി |
|---|---|---|---|---|
| 2013 – 14 | 3-2 | 3380 | സി. രവീന്ദ്രൻ | 1210104374 |

| | | | | |
|---|---|---|---|---|
| 2014 – 15 | | | കോൺട്രാക്ടർ | Dated 23/12/2021 |
| ,, | 3- 3 | 236 | കെ. സുരേഷ് കുമാർ കോൺട്രാക്ടർ | 1210104564 Dated 30/12/2021 |
| ,, | 3-15 | 1865 | കെ.കരുണാകരൻ കോൺട്രാക്ടർ | 1210104375 Dated 23/12/2021 |
| | 3-15 | 3003 | എൻ. വി. ഗണേശൻ കോൺട്രാക്ടർ | 1210104377 Dated 23/12/2021 |
| | 3-15 | 2439 | എൻ. വി. ഗണേശൻ കോൺട്രാക്ടർ | 1210104379 Dated 23/12/2021 |
| | 3-15 | 1228 | എൻ. വി. ഗണേശൻ കോൺട്രാക്ടർ | 1210104380 Dated 23/12/2021 |
| 2016 – 17 | | 7734 | നാരായണൻ പി. പി | 1210104575 Dated 30/12/2021 |
| ആകെ | | 19885 | | |

## 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23 വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2006-07 | 3-5 | 2009-10 | 3.4.2.(1) | വ്യവസായ യൂണിറ്റുകൾ പ്രവർത്തനമാരംഭിച്ചില്ല. | തുടരുന്നു |

| | | | | | |
|---|---|---|---|---|---|
| 2014-15<br>2015-16 | 2-2<br>2-2 | 2016-17 | അനുബന്ധം4<br>അനുബന്ധം5 | തൊഴിൽ നികുതി | തുടരുന്നു |

## 4-9 ചാർജ്ജ് സർചാർജ്ജ് നടപടികളിലൂടെ ഈടാക്കിയ തുകയുടെ വിവരം

ഇല്ല.

## 4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | ₹75689191 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | ₹79282717 |
| വരവിനങ്ങളിലുള്ള നഷ്ടം | : | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 564915 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-12 | 21650 | ഡോ.മനേഷ്.കെ,മെഡിക്കൽ ഓഫീസർ,എഫ് എച്ച് സി |
| 1-14 | 7690 | ശ്രീ. ജിതിൻ .വി.വി , കൃഷി ഓഫീസർ |
| 1-15 | 329625 | ശ്രീ. സനൂപ്.സി, വി ഇ ഒ, കടന്നപ്പള്ളി സർക്കിൾ |
| 1-16 | 205950 | ശ്രീ. സനൂപ്.സി, വിഇ ഒ കടന്നപ്പള്ളി സർക്കിൾ |
| ആകെ | 564915 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ , മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ഡോ.മനേഷ്.കെ,മെഡിക്കൽ ഓഫീസർ,എഫ് എച്ച് സി | മെഡിക്കൽ ഓഫീസർ, എഫ് എച്ച് സി, കണ്ടോന്താർ | അരിയിൽ, പി.ഒ പട്ടുവം |

| | | |
|---|---|---|
| ശ്രീ.ജിതിൻ.വി.വി,കൃഷി ഓഫീസർ | കൃഷി ഓഫീസർ,ചെറുപുഴ കൃഷി ഭവൻ | വെളിച്ചം തോട് വീട്, പെരുന്തട്ട പി ഒ, പുറക്കുന്ന് |
| ശ്രീ. സന്തൂപ്.സി, വി ഇ ഒ, കടന്നപ്പള്ളി സർക്കിൾ | വി ഇ ഒ, കരിന്തളം ഗ്രാമ പഞ്ചായത്ത് | കഴക്കാരൻ ഹൗസ്, എടാട്ട് പി ഒ |

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകളുടെ വിവരങ്ങൾ

| ഓഡിറ്റ് റിപ്പോർട്ട് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1997-98 | നം.കെ.എസ്.എ/കെ.എൻ.ആർ/സി12/ 1419/2022, /തീ.13-10-22 | 4 |
| 1998-99 | നം.കെ.എസ്.എ/കെ.എൻ.ആർ/സി12/ 1419/2022, /തീ.13-10-22 | 1 |
| 1999-00 | നം.കെ.എസ്.എ/കെ.എൻ.ആർ/സി12/ 1419/2022, /തീ.13-10-22 | 8 |
| 2005-06 | നം.കെ.എസ്.എ/കെ.എൻ.ആർ/സി12/ 1419/2022, /തീ.13-10-22 | 1 |
| 2006-07 | നം.കെ.എസ്.എ/കെ.എൻ.ആർ/സി12/ 1419/2022, /തീ.13-10-22 | 1 |
| 2009-10<br>2010-11 | നം.കെ.എസ്.എ/കെ.എൻ.ആർ/സി12/ 1419/2022, /തീ.13-10-22 | 1 |
| 2011-12,<br>2012-13 | നം.കെ.എസ്.എ/കെ.എൻ.ആർ/സി12/ 1419/2022, /തീ.13-10-22 | 2 |
| 2013-14,<br>2014-15 | നം.കെ.എസ്.എ/കെ.എൻ.ആർ/സി12/ 1419/2022, /തീ.13-10-22 | 6 |
| 2016-17 | നം.കെ.എസ്.എ/കെ.എൻ.ആർ/സി12/ 1419/2022, /തീ.13-10-22 | 2 |
| 2017-18 | നം.കെ.എസ്.എ/കെ.എൻ.ആർ/സി12/ 1419/2022, /തീ.13-10-22 | 6 |
| 2018-19 | നം.കെ.എസ്.എ/കെ.എൻ.ആർ/സി12/ 1419/2022, /തീ.13-10-22 | 1 |
| 2019-20 | നം.കെ.എസ്.എ/കെ.എൻ.ആർ/സി.12/470/2022 | 17 |

| | | |
|---|---|---|
| | തീയതി: 19.05.2022 | |
| 2020-21 | നം. കെ.എസ്.എ./കെ.എൻ.ആർ./സി.12/955/2022<br>തീയതി: 20.07.2022 | 18 |

ഡെപ്യൂട്ടി ഡയറക്ടർ,
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ.

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2021-2022 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ കണ്ണൂർ ജില്ലയിലെ കടന്നപ്പള്ളി-പാണപ്പുഴ ഗ്രാമപഞ്ചായത്തിന്റെ 2021-2022-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ<br>
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ,<br>
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

കണ്ണൂർ ജില്ലയിലെ കടന്നപ്പള്ളി-പാണപ്പുഴ ഗ്രാമപഞ്ചായത്തിന്റെ 2021-2022 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-3-1

## റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്

| | | | |
|---|---|---|---|
| Kadannappalli Panappuzha Grama Panchayat RECEIPT & PAYMENT STATEMENT | | | |
| For the period from 01-April-2021 to 31-March-2022 | | | |
| Code.No | Description of Items | Schedule No | Amount |
| | RECEIPTS | | |
| | Opening Balance | | |
| Bank | Bank | RP-40(a) | 17378697.00 |
| Cash | Cash | RP-40(a) | 40207.00 |
| | Operating | | |
| 110000000 | Tax Revenue | RP-1 | 6056290.00 |
| 130000000 | Rental income from Panchayat Properties | RP-3 | 4074.00 |
| 140000000 | Fees & User Charges | RP-4 | 1267737.00 |
| 150000000 | Sale & Hire Charges | RP-5 | 197924.00 |
| 160000000 | Revenue Grants, Funds, Contributions & Compensations | RP-7 | 47298449.00 |
| 171000000 | Interest Earned | RP-9 | 371846.00 |
| 190000000 | Prior Period Income | RP-11 | 72858.00 |
| 210000000 | Establishment Expenses | RP-12 | 72.00 |
| 290000000 | Transfer to Reserve Funds / Prior Period Item(ILGMS) | RP-25 | 71110.00 |
| 311000000 | Earmarked Funds | RP-28 | 7795.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-30 | 13230130.00 |
| 431000000 | Sundry Debtors (Receivables) | RP-45 | 5471427.00 |

| | | | |
|---|---|---|---|
| 460000000 | Loans, Advances and Deposits | RP-49 | 103279.00 |
| | Non Operating | | |
| 180000000 | Other Income | RP-10 | 54871.00 |
| 340000000 | Deposits Received | RP-33 | 584003.00 |
| 350000000 | Other Liabilities | RP-35 | 897326.00 |
| | Grand total | | 93108095.00 |
| | PAYMENTS | | |
| | Operating | | |
| 220000000 | Administrative Expenses | RP-13 | 2700.00 |
| 250000000 | Decentralised Plan Programme- Productive Sector | RP-16 | 7003402.00 |
| 251000000 | Decentralised Plan Programme- Service Sector | RP-17 | 13713184.00 |
| 252000000 | Decentralised Plan Programme- Infrastructure Sector | RP-18 | 7046624.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-30 | 22786.00 |
| 412000000 | Capital Work In Progress | RP-39 | 0.0 |
| 414000000 | Annual plan - Capital Expences(Service Sector) | RP-41 | 3180335.00 |
| 415000000 | Annual plan - Capital Expences(Infrastructure Sector) | RP-42 | 4545878.00 |
| 431000000 | Sundry Debtors (Receivables) | RP-45 | 3349385.00 |
| 460000000 | Loans, Advances and Deposits | RP-49 | 621640.00 |
| | Non Operating | | |
| 340000000 | Deposits Received | RP-33 | 170761.00 |
| 350000000 | Other Liabilities | RP-35 | 39423485.00 |
| 413000000 | Annual Plan- Capital Expences (Productive Sector) | RP-40 | 202537.00 |
| | Closing Balance | | |
| Bank | Bank | RP-40(b) | 13642798.00 |

| | | | |
|---|---|---|---|
| Cash | Cash | RP-40(b) | 182580.00 |
| | Grand Total | | 93108095.00 |

## അനുബന്ധം-3-2

## ഇൻകം & എക്സ്പെന്റിച്ചർ സ്റ്റേറ്റ്മെന്റ്

| Kadannappalli Panappuzha Grama Panchayat INCOME & EXPENDITURE STATEMENT | | | |
|---|---|---|---|
| For the period from 01-April-2021 to 31-March-2022 | | | |
| Code.No | Description of Items | Schedule No | Amount |
| | INCOME | | |
| 110000000 | Tax Revenue | I-1 | 10608827.00 |
| 120000000 | Assigned Revenues, Shared Taxes and Compensations (BLOCKED) | I-2 | 0.0 |
| 130000000 | Rental Income from Panchayat / Municipal Properties | I-3 | 1367425.00 |
| 140000000 | Fee & User Charges | I-4 | 1404513.00 |
| 150000000 | Sale & Hire Charges | I-5 | 268232.00 |
| 160000000 | Revenue Grants, Funds, Contributions & Compensations / Subsidies | I-6 | 140220476.00 |
| 170000000 | Income from Investments | I-7 | 1386151.00 |
| 171000000 | Interest Earned | I-8 | 371846.00 |
| 180000000 | Other Income | I-9 | 54871.00 |
| 190000000 | Prior Period Income | I-19 | -19002.00 |
| | Total Income | | 155682341.00 |
| | EXPENDITURE | | |
| 210000000 | Establishment Expenses | I-10 | 12379750.00 |
| 220000000 | Administrative Expenses | I-11 | 1346425.00 |
| 230000000 | Operations & Maintenance | I-12 | 612095.00 |
| 240000000 | Interest & Finance Charges | I-13 | 1737.00 |

| | | | |
|---|---|---|---|
| 250000000 | Decentralised Plan Programme-Productive Sector / Programme Expenses | I-14 | 6713814.00 |
| 251000000 | Decentralised Plan Programme-Service Sector | I-14(A) | 23693734.00 |
| 252000000 | Decentralised Plan Programme-Infrastructure Sector | I-14(B) | 9564192.00 |
| 253000000 | Decentralised Plan Programme-Projects not included in Sector Division | I-14(C) | 28097219.00 |
| 254000000 | Expenditures of Transfered Institutions and State Sponsored Schemes (not included under Decentralized Plan Programme) | I-14(D) | 53130580.00 |
| 255000000 | Maintenance Projects | I-14(E) | 0.0 |
| 256000000 | Other Revenue Grants and Funds - Revenue Expenses | I-14(F) | 1177932.00 |
| 260000000 | Grants, Contributions & Compensation from Own Fund / Subsidies | I-15 | 0.0 |
| 270000000 | Provisions and Write off | I-16 | 6045.00 |
| 271000000 | Miscellaneous Expenses on Disposal of Assets and Investments | I-17 | 0.0 |
| 272000000 | Depreciation | I-17(A) | 7579904.00 |
| | Total Expenditure | | 144303427.00 |
| | Gross Surplus / Deficit of income over Expenditure | | -11378914.00 |
| | Gross Surplus / Deficit of income over Expenditure | | -10441617.00 |
| 290000000 | Transfer to Reserve Funds/Prior Period Item(ILGMS) | I-18 | -956299.00 |
| | Net Balance being surplus/ deficit carried over to Balance Sheet (Panchayat Fund) | | 937297.00 |

## അനുബന്ധം-3-3

## ബാലൻസ് ഷീറ്റ്

| |
|---|
| Kadannappalli Panappuzha Grama Panchayat<br>BALANCE SHEET |
| For the period from 01-April-2021 to 31-March-2022 |

| Code.No | Description of Items | Schedule No | Amount |
|---|---|---|---|
| | LIABILITIES | | |
| | Reserve & Surplus | | |
| 310000000 | Panchayat / Municipal Fund | B-1 | 71707876.00 |
| 311000000 | Earmarked Funds - Special Funds/Sinking Fund/Trust or Agency Fund | B-2 | 50321.00 |
| 312000000 | Reserves | B-3 | 59378774.00 |
| | Total Reserve & Surplus | | 131136971.00 |
| | Grants, Contributions for Specific Purposes | | |
| 320000000 | Grants, Funds & Contribution for Specific Purposes | B-4 | 12008663.00 |
| | Total Grants, Contributions for Specific Purposes | | 12008663.00 |
| | Loans | | |
| 330000000 | Secured Loans | B-5 | 2690000.00 |
| 331000000 | Unsecured Loans | B-6 | 0.0 |
| | Total Loans | | 2690000.00 |
| | Current Liabilities & Provisions | | |
| 340000000 | Deposits Received | B-7 | 1163719.00 |
| 341000000 | Deposits Works | B-8 | 0.0 |
| 350000000 | Other Liabilities | B-9 | 2098272.00 |
| 360000000 | Provisions | B-10 | 0.0 |
| | Total Current Liabilities and Provisions | | 3261991.00 |
| | TOTAL LIABILITIES | | 149097625.00 |
| | ASSETS | | |
| | Fixed Assets | | |
| 410000000 | Fixed Assets | B-11 | 1957845.00 |
| 412000000 | Capital Work in Progress | B-11(b) | 1776793.00 |

| | | | |
|---|---|---|---|
| 413000000 | Annual Plan - Capital Expences (Productive Sector) | B11-(c) | 5761751.00 |
| 414000000 | Annual Plan - Capital Expences (Service Sector) | B11-(d) | 11471578.00 |
| 415000000 | Annual Plan - Capital Expences (Infrastructure Sector) | B11-(e) | 132390788.00 |
| 416000000 | Accumulated Depreciation | B-11(a) | -46787039.00 |
| | Total Fixed Assets | | 106571716.00 |
| | Investments | | |
| 420000000 | Investments-General Fund | B-12 | 20525477.00 |
| 421000000 | Investments - Other Funds / Sundry Debtors | B-13 | 0.0 |
| | Total Investments | | 20525477.00 |
| | Current Assets, Loans and Advances | | |
| 430000000 | Stock-in-hand | B-14 | 0.0 |
| 431000000 | Sundry Debtors (Receivables) | B-15 | 5021838.00 |
| 432000000 | Accumulated Provisions Against Debtors (Receivables) | B-15(a) | 0.0 |
| 440000000 | Pre-paid Expenses | B-16 | 0.0 |
| 450000000 | Cash and Bank Balance | B-17 | 13825378.00 |
| 460000000 | Loans, Advances and Deposits | B-18 | 3153216.00 |
| 461000000 | Accumulated Provisions against Loans,Advances and Deposits | B-18(a) | 0.0 |
| | Total Current Assets, Loans and Advances | | 22000432.00 |
| | Other Assets | | |
| 470000000 | Other Assets | B-19 | 0.0 |
| | Total Other Assets | | 0.0 |
| | Miscellaneous Expenditure (To the Extent not written off) | | |
| 480000000 | Miscellaneous Expenditure to be written off | B-20 | 0.0 |
| | Total Miscellaneous Expenditure (To the Extent not written off) | | 0.0 |
| | TOTAL ASSETS | | 149097625.00 |

ഡെപ്യൂട്ടി ഡയറക്ടർ,

ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ.